## അടിയന്തരപ്രമേയം

മി. സ്പീക്കർ: പഞ്ഞമാസക്കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി ആനുകൂല്യങ്ങളും പെൻഷൻ പദ്ധതിയും കടാശ്വാസ പദ്ധതിയും മുടങ്ങിയതുമൂലവും മണ്ണെണ്ണയ്ക്ക് രൂക്ഷമായ വിലക്കയറ്റം നേരിട്ടുകൊണ്ടിരിക്കുന്നതിനാലും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതം കടുത്ത പ്രതിസന്ധി നേരിടുകയും തീരദേശ വികസന പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. പി. കെ. ഗുരുദാസൻ, വി.എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

### മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, തീരദേശ മേഖലയിൽ മഴക്കാലം ആയതോടുകൂടി കുറച്ചു പ്രയാസങ്ങളുണ്ട് എന്നുള്ളതൊരു യഥാർത്ഥ വസ്തുതയാണ്. ട്രോളിംഗ് നിരോധനം നടപ്പിലാക്കുകയും മഴക്കാലം വരികയുമൊക്കെ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട് എന്നുള്ള കാര്യത്തിൽ സംശയമില്ല. എന്നാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചപോലെ ഇതെല്ലാം ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തന

ത്തിന്റെ കുഴപ്പംകൊണ്ട് സംഭവിച്ചതാണ് എന്നത് ശരിയല്ല. സമാശ്വാസ പദ്ധതി മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ കൊടുക്കേണ്ടതാണ്. അതിൽ ഒരു ഇൻസ്റ്റാൾമെന്റ് റിലീസ് ചെയ്ത് ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് കൊടുക്കുന്നതിന് ഇന്നലെ ഉത്തരവായിട്ടുണ്ട്. മൂന്നാമത്തെ ഇൻസ്റ്റാൾമെന്റും ഉടനെതന്നെ അനുവദിക്കും. അതുപോലെ തന്നെ മണ്ണെണ്ണയുടെ കാര്യത്തിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യം, മണ്ണെ ണ്ണ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കാൻ പ്രയാസമുണ്ട്. പക്ഷേ നമ്മുടെ കേരളത്തിൽ എല്ലാ ഗവൺമെന്റുകളും മാറിമാറി ഭരിച്ചപ്പോഴും 2525 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് കൊടുത്തിട്ടുള്ളത്. ആ മണ്ണെണ്ണ കൊടുക്കുന്നതിൽ ഒരു വീഴ്ചയും വന്നിട്ടില്ല. അതേസമയത്ത് മണ്ണെണ്ണ തികയുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഞാനതിനെ സംബന്ധിച്ചുള്ള ബാക്കി വിശദവിവര ങ്ങൾ അങ്ങയുടെ അവതരണത്തിനുശേഷം വിശദമായി പറയാം. മറ്റൊരു കാര്യം പെൻഷൻ കുടിശ്ശികയാണ്. പെൻഷൻ ആകെ തകരാറിലായി എന്നു പറയുന്നതും ശരിയല്ല. കാരണം കേരളത്തിൽ മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നത് സാധാരണ 3 സീസണുകളിലാണ്. അത് ഓണം, വിഷു, ക്രിസ്തുമസ് എന്നീ മൂന്ന് സീസണുകളിലാണ് കൊടുക്കുന്നത്. അങ്ങനെ നോക്കിയാൽ 3 മാസത്തെ കുടിശ്ശികയുണ്ട്. അത് കൊടുക്കുന്ന സമയം ആകുന്നതേയുള്ളു. അതുകൊണ്ട് പെൻഷൻ കുടിശ്ശിക വന്നു എന്ന തിനകത്ത് കീഴ്വഴക്കം അനുസരിച്ച് അങ്ങനെയൊന്നില്ല. എന്നാൽ സാങ്കേതി കമായി ഉണ്ട് താനും. കേരളത്തിൽ 3 സീസണിലാണ് പെൻഷൻ കൊടുക്കാ റുള്ളത്. എല്ലാ സീസണിലും കൃത്യമായി കുടിശ്ശിക തീർത്ത് പെൻഷൻ കൊടുത്തിട്ടുണ്ട്. പിന്നെ കടാശ്വാസത്തിന്റെ കാര്യം അദ്ദേഹം ചൂണ്ടിക്കാണി

ച്ചിട്ടുണ്ട്. കടാശ്വാസത്തിന്റെ കാര്യത്തിൽ യഥാർത്ഥത്തിൽ 130 കോടി രൂപ യോളം കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത, വെരിഫൈ ചെയ്ത ലിസ്റ്റ് അനുസരിച്ച് കൊടുക്കാനുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ ഞങ്ങൾ ഒരു പാട് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും കടാശ്വാസത്തിന്റെ കാര്യ ത്തിൽ ഞങ്ങൾ ആഗ്രഹിച്ചപോലെ കാര്യങ്ങൾ മുന്നോട്ടു പോയിട്ടില്ല. അത് തുറന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനു ശേഷം കടാശ്വാസത്തിന്റെ ഭാഗമായി നല്ല തുക അനുവദിച്ചിട്ടുണ്ട്. മാത്രമല്ല പുതിയ മേഖലകളിലേക്ക് കടാശ്വാസ കമ്മീഷന്റെ ആശ്വാസ നടപടികൾ എക്സ്റ്റെന്റ് ചെയ്യാനും ഞങ്ങൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, എത്ര തുകയാണ് അനുവദി ച്ചത്?

ശ്രീ. കെ. ബാബു: സർ, ഡീറ്റെയിൽസ് ഇത് കഴിഞ്ഞിട്ട് പറയാം. ഈ മേഖലയിൽ ഈ കാലഘട്ടത്തിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ സാധാരണ ഗതി യിൽ ഉള്ളതാണ്. ഈ പ്രാവശ്യം കടൽ കയറ്റം ഉണ്ടായതിന്റെ കെടുതികളും ഉണ്ടായിട്ടുണ്ട്. ഏതായാലും ഈ പ്രശ്നങ്ങളെല്ലാം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള കാര്യങ്ങളാണ്. പല കാര്യങ്ങൾക്കും തീരുമാനം എടുത്തി ട്ടുണ്ട്. അദ്ദേഹം ഈ നോട്ടീസിൽ വളരെ വിശദമായി ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിനകത്ത് പലതും ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്ന വിഷയങ്ങളല്ല. മാലിന്യ നിർമ്മാർജ്ജനം ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്നതല്ല. അത് ഗൗരവമുള്ള പ്രശ്നമാണ്. അതുപോലെ തന്നെ അവിടത്തെ പൊതുജനാരോഗ്യ പ്രശ്നം. ഇതെല്ലാം ഈ മേഖലയിൽ ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഉണ്ടാകും. പക്ഷേ അതെല്ലാം കൈകാര്യം

ചെയ്യുന്ന ഡിപ്പാർട്ടുമെന്റുകൾ വേറെവേറെയാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് വിശദമായിട്ടുള്ള മറുപടി അങ്ങ് അതിനെ സംബന്ധിച്ച് അവതരിപ്പിച്ചതിനുശേഷം പറയുന്നതാണ്.

മി. സ്പീക്കർ: ലഭിക്കുന്ന സമയത്തിനുള്ളിൽ നിന്നുകൊണ്ട് മറുപടി പറയേണ്ടതാണ്. വിശദമായി എന്നുപറഞ്ഞാൽ അത് നീണ്ടുപോകും.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഈ പ്രമേയത്തിന്റെ ഉള്ളിൽ നിന്നുമാത്രമേ ഞാൻ പറയുകയുള്ളു. മഴക്കാലവും പഞ്ഞമാസക്കാലവും വന്ന പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമായിരിക്കുകയാണ്. കടലാക്രമണവും ഉണ്ടായിരിക്കുകയാണ്. തീരദേശത്തെ പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ വീടുകളാണ് തകർന്നത്. മത്സ്യബന്ധന ഉപകരണങ്ങൾ തകർന്നു. കടലിൽ പ്രകൃതിക്ഷോഭംമൂലം മത്സ്യങ്ങളുടെ ലഭ്യത വളരെ കുറഞ്ഞു. കായൽ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടവും തീരപ്രദേശത്തെ ക്ലേശകരമായ ജീവിതവും എല്ലാമായി 3 ലക്ഷം മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും 1 ലക്ഷംവരുന്ന മത്സ്യ അനുബന്ധ തൊഴിലാളികളുടെയും സ്ഥിതി ഇന്ന് അത്യന്തം ദയനീയവും ദുരിതപൂർണ്ണവുമാണ്. മത്സ്യത്തൊഴിലാളി പെൻഷൻ 6 മാസമായി കുടിശ്ശികയാണ്. വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ്, അത് സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികൾക്ക് കൊടുക്കേണ്ട കുടിശ്ശിക 20.50 കോടി രൂപയാണ്. കഴിഞ്ഞവർഷം ചില സ്ഥലങ്ങളിൽ കൊടുത്തു. ഈവർഷം എവിടെയും കൊടുത്തില്ല. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം മരവി

ച്ചിരിക്കുകയാണ്. 241.15 കോടി രൂപ ഈ സഹകരണ ബാങ്കുകളിൽ നിന്ന് കടമെടുത്ത ഇനത്തിൽ കൊടുക്കാനുണ്ടായിരുന്നതിൽ 113 കോടി രൂപ കൊടുത്തു എന്നുള്ളത് വസ്തുതയാണ്. പക്ഷേ കഴിഞ്ഞ 3 വർഷമായി 128 കോടി രൂപയുടെ കടബാധ്യതയാണ് ഈ കടം വാങ്ങിച്ചവർക്ക് കൊടുക്കാനുള്ളത്. അതുപോലെതന്നെ സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത തുകയുടെ പലിശയിനത്തിൽ 20 കോടി രൂപ, അതായത് പലിശ സബ്സിഡി ഇനത്തിൽ ഗവൺമെന്റ് 25 ശതമാനം കൊടുക്കണമെന്നുള്ളത് വ്യവസ്ഥയാണ്. അതിനകത്ത് 20 കോടി രൂപ ഗവൺമെന്റ് കൊടുക്കാനുണ്ട്. നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, പിന്നോക്ക വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ, വികലാംഗ കോർപ്പറേഷൻ, ക്രൈസ്തവ വികസന കോർപ്പറേഷൻ, കെ.എസ്.എഫ്.ഇ. തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിൽനിന്ന് കടമെടുത്ത ഇനത്തിൽ 50 കോടി രൂപ ഈ കടാശ്വാസ കമ്മീഷൻ തീർപ്പാക്കിയിട്ടുണ്ട്. ആ കടം എഴുതിത്തള്ളുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഈ നിലയ്ക്ക് 178 കോടി രൂപയുടെ കടബാധ്യതയാണ് ഗവൺമെന്റ് ഈ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൊടുക്കാനുള്ളത്. നിരവധി കുടുംബങ്ങൾ ജപ്തി നടപടികൾ നേരിടുകയാണ്. പഞ്ഞമാസക്കാലത്തേക്കുള്ള സമ്പാദ്യാശ്വാസ പദ്ധതി 1,800 രൂപയാണ് കിട്ടേണ്ടത്. 3,600 രൂപയാണ് കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചത്. പക്ഷേ 1,800 മാത്രമാണിപ്പോൾ നിലവിലുള്ളത്. അത് കൊടുത്തിട്ടില്ല. അതിനുപുറമെ തണൽ പദ്ധതിയുണ്ട്, 1,350 രൂപയാണ്, അതും കൊടുത്തിട്ടി

ല്ല. 2,85,000 അംഗങ്ങളാണ് ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ളത്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ശരിക്കും പറഞ്ഞാൽ സ്തംഭിച്ചിരിക്കുകയാണ്. മത്സ്യഫെഡുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ വാങ്ങുന്നതിന്, ഒരു എഞ്ചിന് ശരാശരി വില ഒന്നേകാൽ ലക്ഷമാണ്. എഞ്ചിൻ വാങ്ങുന്നതിന് 22.50 ശതമാനം തുക സബ്സിഡി കൊടുക്കും. ആ ഇനത്തിൽ 3 വർഷമായിട്ടുള്ള കാശ് കുടിശ്ശികയാണ്. അതുപോലെതന്നെ ഗവൺമെന്റ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച മണ്ണെണ്ണ സബ്സിഡി 100 കോടി രൂപയാണ്. ബഡ്ജറ്റ് പ്രഖ്യാപനമല്ലാതെ ഒന്നും ഇതുവരെ നടന്നിട്ടില്ല. 129 ലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ കിട്ടുന്നത്. യഥാർത്ഥത്തിൽ ഒരു മത്സ്യത്തൊഴിലാളിക്ക് മത്സ്യബന്ധനം നടത്താൻ ഒരുമാസം 600 ലിറ്റർ മണ്ണെണ്ണയെങ്കിലും വേണം. ഇത് 65– 75 രൂപ കൊടുത്ത് വാങ്ങാൻ ഈ തൊഴിലാളികൾ നിർബന്ധിതരായിരിക്കുകയാണ്. കടൽക്ഷോഭത്തിന്റെ ഈ കാലത്ത് മത്സ്യത്തിന്റെ ലഭ്യത വളരെ കുറവാണ്. വലിയ വിലകൊടുത്ത് ഇന്ധനം വാങ്ങി കടലിൽ മത്സ്യബന്ധനത്തിനുപോയാൽ ഈ തൊഴിലാളികൾക്ക് പലപ്പോഴും ഒന്നും കിട്ടുന്നില്ല. ഇതിന്റെ ഫലമായി മുഴുപ്പട്ടിണിയാണ്. ഇതിന്റെ ഫലമായി ജീവിതം വളരെ ദുരിതപൂർണ്ണമാണ് എന്നുള്ള വസ്തുത ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. ഇത് മത്സ്യമേഖലയിലെ ഡിപ്പാർട്ടുമെന്റിന്റെ മാത്രം പ്രശ്നമല്ല. മുഖ്യമന്ത്രിതന്നെ ഇതിന് മറുപടി പറയേണ്ടതാണ്. മത്സ്യഫെഡിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. അത് മത്സ്യമേഖലയിലെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവാദിത്തമാണ്. മത്സ്യഫെഡിന്റെ പ്രവർത്തനം ഇന്ന് നാമമാത്രമാണ്. നോമിനേറ്റഡ് ചെയർമാനാണ്. അതുപോലെതന്നെ മത്സ്യഫെ

ഡിന്റെ തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. കടൽക്ഷോഭംമൂലം തിരുവനന്തപുരത്ത് വലിയതുറ, പൂന്തുറ കടൽക്ഷോഭത്തിന്റെ കാര്യം കഴിഞ്ഞൊരു ദിവസം ബഹുമാനപ്പെട്ട ശ്രീ. വി. എസ്. സുനിൽകുമാർ ഇവിടെ അവതരിപ്പിച്ചിരുന്നു. അതിനു പുറമേയാണ് വലിയതുറ, പൂന്തുറ, പനത്തറ തുടങ്ങിയ സ്ഥലങ്ങ ളിലെ നാശനഷ്ടങ്ങൾ ഇന്നലെയും നമുക്ക് അനുഭവപ്പെട്ടത്. കഴിഞ്ഞ സുനാമി ദുരന്തത്തിൽ ഏറ്റവും അധികം ജീവൻ നഷ്ടപ്പെട്ട ഒരു മേഖല യാണ് ആലപ്പാട് മേഖല. കടലാക്രമണം മൂലം ആലപ്പാട് പ്രദേശത്തെ ധാരാളം വീടുകളും റോഡുകളും തകർന്നിരിക്കുകയാണ്.

അതുപോലെതന്നെ ഐ.ആർ.ഇ.-ക്കും കെ.എം.എം.എൽ.-നും ഇടയ്ക്ക് കടൽക്ഷോഭംമൂലം ഒരു പുതിയ പൊഴി ഉണ്ടായിരിക്കുകയാണ്. അവിടെ കരിമണൽ ഘനനം നടത്തുന്ന സ്ഥലമാണ്. ഘനനം നടത്തുന്നതുമൂലമാ ണെന്ന് ഞാൻ പറയുന്നില്ല, കടലാക്രമണംമൂലം ഒരു പുതിയ പൊഴി ഉണ്ടായി രിക്കുകയാണ്. മുൻപ് അവിടെ പൊഴി ഇല്ലായിരുന്നു. രൂക്ഷമായ കടലാക്രമ ണത്തിന്റെ ഫലമായി പൊഴിയിൽനിന്നും തിരമാലകൾ ഇരച്ച് കയറി തൊട്ടടു ത്തുള്ള വട്ടക്കായലിലും ആ പ്രദേശത്തും ഉപ്പുവെള്ളം കയറുകയാണ്. ഇതി നൊന്നും ഒരു പ്രതിരോധ നടപടിയും ഇല്ല. വട്ടക്കായലും വലിയകായലും മുഴുവനും ഉപ്പുവെള്ളം കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഒരു പ്രതിരോധനട പടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. പൊൻമന മുതൽ വെള്ളനാതുരുത്ത് വരെയുള്ള സ്ഥലം സ്ഥിരമായി കടലെടുത്ത് വലിയ നാശനഷ്ടങ്ങൾ ഉണ്ടാ ക്കിയിരിക്കുകയാണ്. ചവറ മണ്ഡലത്തിലും കരുനാഗപ്പള്ളി മണ്ഡലത്തിലും കടൽക്ഷോഭത്തിന് പ്രതിരോധമായി പാറ അടുക്കുന്നത് കൊണ്ട് ഒരു പ്രയോ ജനവുമില്ല. അത് സ്റ്റേറ്റിന് വലിയ നഷ്ടമാണ്. താന്നിയിൽ ക്രൈസ്തവ

ദേവാലയവും റോഡും അനേകം വീടുകളും വെള്ളത്തിലായി. അവിടെ എല്ലാർവഷവും അപ്രകാരം ഉണ്ടാകുന്നതാണ്. അവിടെ <u>ഗ്രോയിസ്</u> നിർമ്മിക്കാൻ കഴിഞ്ഞ വർഷം മുഖ്യമന്ത്രിതന്നെ മുൻകൈ എടുത്ത് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ഐ.ഐ.ടി.-യിലെയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥൻമാർ അവിടെ വന്നു. 12 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കഴിഞ്ഞകൊല്ലം കൊടുത്തതാണ്. ഒരു വർഷം കഴിഞ്ഞു, ഇതുവരെ ടെണ്ടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. കടലോരം സംരക്ഷിക്കുവാൻ പുലിമുട്ടുകൾ സ്ഥാപിക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സമ്പത്ത് ഉണ്ടാകണം. കേന്ദ്രത്തിൽ നിന്ന് അതിനുള്ള പൈസ വാങ്ങിക്കണം. എന്റെ മണ്ഡലത്തിലെ തങ്കശ്ശേരി ഫിഷിംഗ് ഹാർബർ ഏറ്റവും വലിയ മത്സ്യബന്ധന തുറമുഖമാണ്. അവിടെ രണ്ടായിരത്തിലധികം മത്സ്യബന്ധനയാനങ്ങൾ ഓരോ ദിവസവും മത്സ്യബന്ധനത്തിന് പോകുന്നതാണ്. ആ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിന് ഒരു പൈസപോലും കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. 12,000 തൊഴിലാളികളാണ് ഒരു ദിവസം കടലിൽ പോയിട്ട് ആ തുറമുഖത്ത് അടുക്കുന്നത്. അവിടെ വെള്ളമില്ല, വെളിച്ചമില്ല, ലോക്കറുകളില്ല, മത്സ്യ വിപണന സൗകര്യങ്ങളില്ല, മൂത്രപ്പുര ഇല്ല, ഒരു സൗകര്യങ്ങളുമില്ല. കായൽ മത്സ്യത്തൊഴിലാളികളുടെ സ്ഥിതി ഇതിലും ദയനീയമാണ്. അഷ്ടമുടിക്കായലും വേമ്പനാടു കായലും മാലിന്യങ്ങൾകൊണ്ട് നിറയുകയാണ്. മാലിന്യ നിർമ്മാർജ്ജനം വളരെ പ്രധാനമാണ്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കണം. കായൽ കയ്യേറ്റം വ്യാപകമാണ്. മത്സ്യത്തൊഴിലാളികൾക്ക് കുടിലുകെട്ടാൻ സ്വാതന്ത്ര്യമില്ല. എന്നാൽ വൻകിട കുത്തകകൾ കായലുകൾ കൈയ്യേറിക്കൊണ്ടിരിക്കുകയാണ്. ഞാൻ വിശദമായി പോകുന്നില്ല, നമ്മുടെ

അനുബന്ധ മത്സ്യത്തൊഴിലാളികൾ ഒരു ലക്ഷത്തിലധികമാണ്. അവരുടെ ജീവിതം സംരക്ഷിക്കുവാൻ ഗവൺമെന്റ് ഒരു നടപടിയും ഇപ്പോൾ സ്വീകരിക്കുന്നില്ല. നമ്മുടെ മത്സ്യസമ്പത്ത് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ മുഖ്യ ഘടകമാണ്. 2013-14 -ൽ മത്സ്യസമ്പത്ത് രാജ്യത്തിന് നൽകിയ വിദേശനാണ്യം 30,213.26 കോടി രൂപയാണ്. 9,83,756 മെട്രിക് ടൺ മത്സ്യം കയറ്റുമതി ചെയ്തു. ഇത്രയധികം രൂപ വിദേശനാണ്യം നേടിയത് ഒരു മുതൽമുടക്കുമില്ലാതെയാണ്. ഇത് തൊഴിലാളികളുടെ അദ്ധ്വാനമാണ്. 2012-13 നെക്കാൾ ക്വാണ്ടിറ്റിയും തുകയും വർദ്ധിച്ചു. ഗുജറാത്തും തമിഴ്നാടും കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനം മൂന്നാം സ്ഥാനത്താണ്. നമ്മുടെ സംസ്ഥാനത്തുനിന്നു മാത്രം 6,000 കോടി രൂപയുടെ വിദേശനാണ്യം രാജ്യം നേടുന്നതാണ്. എന്നാൽ നമുക്ക് ആവശ്യമായിട്ടുള്ള ഒരു സഹായവും ലഭിക്കുന്നില്ല. കയറ്റുമതിയുടെ എത്രയോ മടങ്ങ് മത്സ്യസമ്പത്താണ് നമ്മുടെ രാജ്യത്തിന്റെ ഭക്ഷ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നത്. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് അർഹമായ ഒരു സഹായവും ചെയ്യുന്നില്ല. ചോദ്യോത്തരവേളയിൽ അങ്ങ് പറഞ്ഞത് 12 നോട്ടിക്കൽ മൈൽ മാത്രമാണ് നിയമസാധ്യതയുള്ളതെന്ന്. അത് ഒരു നിയമപുസ്തകത്തിലും പറഞ്ഞിട്ടില്ല. 200 നോട്ടിക്കൽ മൈൽവരെ എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ ആണ്. വാണിജ്യ ആവശ്യങ്ങൾക്ക് നമ്മുടെ ഇൻഡ്യാ രാജ്യത്തിന് അവിടെ പോകാം. മത്സ്യത്തൊഴിലാളികളാവശ്യപ്പെടുന്നത് 60 നോട്ടിക്കൽ മൈൽവരെ മത്സ്യബന്ധനത്തിന് പോകാനുള്ള നിയമപരമായ അവകാശമാണ്. അത് കേരളത്തിലേയും, രാജ്യത്തിലേയും എല്ലാ മത്സ്യത്തൊഴിലാളികളും ഒരുമിച്ച് ആവശ്യപ്പെടുന്നതാണ്. കേന്ദ്രത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഒരു പ്രത്യേക മന്ത്രാലയം വേണം. ഈ കാര്യങ്ങളെല്ലാം കേരള ഗവൺമെന്റ് ആവശ്യപ്പെടണം. കേരളം മത്സ്യബന്ധനത്തിൽ

മൂന്നാം സ്ഥാനത്താണ്. നമ്മുടെ ഗവൺമെന്റ് ഇക്കാര്യത്തിൽ മുൻകൈയെടുക്കണം. ഗവൺമെന്റ് നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയിൽ രണ്ടുലക്ഷംരൂപ കൊടുക്കുന്നു. മൂന്നുലക്ഷം രൂപ കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതാണ്, പക്ഷേ നടപ്പിലാക്കിയില്ല. കൊടുക്കുന്നത് കടലിൽ കായം കലക്കുന്നതുപോലെയാണ്. എവിടെയെങ്കിലും ചെറുതായിട്ടാണ് തുക കൊടുക്കുന്നത്. മത്സ്യത്തൊഴിലാളികൾ കൊച്ചുകുടിലുകളിൽ താമസിക്കുന്നവരാണ്. അവിടെ ചായ്പ് ഇറക്കി പുതിയ കുടുംബങ്ങൾ താമസിക്കുകയാണ്, ഇതാണ് സ്ഥിതി. അതുകൊണ്ട് ഭവനനിർമ്മാണ പദ്ധതി വിപുലമായ തോതിൽ നടപ്പിലാക്കാൻ സംവിധാനമുണ്ടാകണം, തുക വർദ്ധിപ്പിക്കുകയും വേണം. കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് മുഖ്യമന്ത്രി നിയമസഭയിൽ ചില പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. 2012 മാർച്ചിൽ, ഇറ്റാലിയൻ കപ്പലിലെ നാവികർ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊല്ലുകയും പ്രഭുദയാൽ കപ്പലിടിച്ച് അഞ്ച് മത്സ്യത്തൊഴിലാളികൾ കൊല്ലപ്പെടുകയും ചെയ്ത പശ്ചാത്തലത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികളാണവ. കടലിൽ എന്തെങ്കിലും ആപത്തുണ്ടായാൽ, അതു തടയാൻ, മരണം സംഭവിച്ചാൽ, നേവിയും കോസ്റ്റ്ഗാർഡും ഇടപെടും. ഇപ്പോഴുള്ള എട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ, 10 എണ്ണം കൂടി അനുവദിക്കും. ആധുനിക സൗകര്യങ്ങളുള്ള ബോട്ട് ഓടിക്കുന്നതിന് വൈദഗ്ധ്യം ഉള്ള ഡ്രൈവർമാരെ നിയമിക്കും. കടലിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ഓരോ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലേയും ബോട്ടുകളിൽ നീന്തൽ വൈദഗ്ധ്യമുള്ള നാല് മത്സ്യത്തൊഴിലാളികളെ വീതം കോസ്റ്റൽ സെക്യൂരിറ്റി ഹോംഗാർഡുകളായി നിയമിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽവച്ച് പെട്ടെന്ന് ഉണ്ടാകുന്ന അസുഖങ്ങൾക്ക്

അടിയന്തര ചികിത്സ നൽകുന്നതിനായി ഡോക്ടർമാർ ഉൾപ്പെടെ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കും. എന്നാൽ ഒന്നും ചെയ്തിട്ടില്ല. കമ്യൂണിക്കേഷൻ സൗകര്യങ്ങൾ പോലുമില്ല. സംസ്ഥാനത്ത് കടലോര ജാഗ്രതാ സമതിയുടെ പ്രവർത്തനം പൂർവ്വാധികം ഊർജ്ജിതപ്പെടുത്തുന്നതാണ്. ഇതൊന്നും തന്നെ ചെയ്തിട്ടില്ല. പ്രധാനപ്പെട്ട ഫിഷിംഗ് ഹാർബറുകൾ സമീപത്തുള്ള തീരദേശ പോലീസ് സ്റ്റേഷനുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി സീ റെസ്ക്യൂ യൂണിറ്റുകൾ സജ്ജീകരിക്കുന്നതാണ്. ഇതെല്ലാം പ്രഖ്യാപനങ്ങളാണ് ഒന്നും നടപ്പിലാക്കിയിട്ടില്ല. കടലിൽപോയി അവിടെവച്ച് അപകടത്തിൽ മരിക്കുന്ന സംഭവങ്ങൾ നിരവധിയാണ്. ഇതുവരെ ഒരു സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. മത്സ്യത്തൊഴിലാളികൾ നമ്മുടെ രാജ്യത്തെ ആദിവാസികളെക്കാൾ പ്രയാസകരമായ ജീവിതം നയിക്കുന്നവരാണ്. അനുബന്ധതൊഴിലാളികളുടെ പ്രശ്നവും അതുപോലെയാണ്. ഇപ്രകാരമുള്ള 4 ലക്ഷം തൊഴിലാളികളുടേയും അവരുടെ 10 ലക്ഷംവരുന്ന കുടുംബങ്ങളുടേയും ജീവിതം താറുമാറായിരിക്കുന്ന ഈ സാഹചര്യത്തിൽ, ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ, തീരദേശത്തെ പ്രതിനിധാനം ചെയ്യുന്ന 50 എം.എൽ.എ.-മാരെങ്കിലും ഇവിടെ ഉണ്ടാകും. അവരെല്ലൊം ഇതിനെക്കുറിച്ച് അഭിപ്രായം പറയാൻ ബാധ്യസ്തരായ സ്ഥിതിക്ക്, നിശ്ചയമായും ഗവൺമെന്റ് സഭ നിറുത്തിവെച്ച് ഈ വിഷയം ചർച്ചചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട അംഗം തീരദേശമേഖലയുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ഇവിടെ പറഞ്ഞുവെങ്കിലും അദ്ദേഹം എഴുതിത്തന്ന

കാര്യങ്ങൾക്ക് മാത്രം മറുപടി പറയാം. ബാക്കിയൊക്കെ ധനാഭ്യർത്ഥന ചർച്ച നടക്കുന്ന സമയത്ത് പറഞ്ഞാൽ അതിനൊക്കെ കുറച്ചുകൂടി വിശദമായി മറുപടി പറയാൻ സാധിക്കും. ഇപ്പോൾ എഴുതിത്തന്ന കാര്യങ്ങളിൽ മാത്രം ഒതുങ്ങിനിന്ന് സംസാരിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ, അടിയന്തരപ്രമേയ ചർച്ചയ്ക്ക് ചില പരിമിതികളുണ്ട്. അദ്ദേഹം പറഞ്ഞ ഒന്നാമത്തെ കാര്യം, മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ കുടിശ്ശികയുടെ പ്രശ്നമാണ്. അദ്ദേഹം തെറ്റിദ്ധരിച്ചാണ് അക്കാര്യം പറഞ്ഞതെന്ന് തോന്നുന്നു. കാരണം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് മത്സ്യത്തൊഴിലാളി പെൻഷൻ 300 രൂപയിൽനിന്നും 600 രൂപയാക്കി വർദ്ധിപ്പിച്ചത്. എന്നുമാത്രമല്ല, സാധാരണഗതിയിൽ മൂന്ന് ഗഡുക്കളായി ഓണം, വിഷു, ക്രിസ്തുമസ് സീസണുകളിലാണ് പെൻഷൻ കൊടുക്കാറുള്ളത്. അങ്ങനെ നോക്കുമ്പോൾ യഥാർത്ഥത്തിൽ ഈ പെൻഷൻ കുടിശ്ശിക ഇപ്പോൾ കൊടുത്തുതീർക്കേണ്ടതായിട്ടുണ്ട്. പെൻഷന് അർഹതയുള്ള 53250 മത്സ്യത്തൊഴിലാളികൾക്കും ബാങ്കുവഴി കൃത്യമായി പെൻഷൻ കൊടുത്തിട്ടുണ്ട്. നേരത്തെ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായി കഴിഞ്ഞവർഷംമാത്രം ടി തുക മൂന്ന് ഇൻസ്റ്റാൾമെന്റ് എന്നുള്ളത് നാല് ഇൻസ്റ്റാൾമെന്റായി കൊടുത്തുതീർത്തു. ഇത്തവണയും അത് കൊടുക്കുന്നതോടുകൂടി മുഴുവൻ കുടിശ്ശികയും കൊടുത്തുതീർക്കാൻ സാധിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പ് ആവിഷ്ക്കരിച്ചൊരു പദ്ധതിയാണ് 'തണൽ'. ഇതുപ്രകാരം 1,16,450 പേർക്ക് തണലിന്റെ ആനുകൂല്യം കൊടുക്കുന്നതിന് 18.5 കോടി രൂപ കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള 1,15,000 മത്സ്യത്തൊഴിലാളികൾക്കാണ് ഇതുപ്ര

കാരം ആനുകൂല്യം കൊടുക്കാനുള്ളത്. ഒരാഴ്ചയ്ക്കുള്ളിൽ അതും കൊടുക്കാൻ സാധിക്കും. ഇതിനായി 11.5 കോടി രൂപയുടെ വേയ്സ് ആന്റ് മീൻസ് ക്ലിയറൻസ് കഴിഞ്ഞ് വെൽഫെയർ ഫണ്ട് കമ്മീഷണറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുകഴിഞ്ഞു. ബാങ്കുവഴി പണം കൊടുക്കുന്നതുകൊണ്ട് ഒരാഴ്ചയ്ക്കുള്ളിൽ ഈ തുക കൊടുത്തുതീർക്കാൻ സാധിക്കും. പെൻഷൻ ഇനത്തിലോ തണൽ പദ്ധതിപ്രകാരമോ ഒരുരൂപപോലും കൊടുത്തുതീർക്കാൻ ബാക്കിയില്ല. സമാശ്വാസ പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ 3,000 രൂപയൊന്നും ഉണ്ടായിരുന്നില്ല. തൊഴിലാളികളുടെ വിഹിതമായ 600 രൂപയും, സംസ്ഥാന ഗവൺമെന്റ് വിഹിതമായ 600 രൂപയും, കേന്ദ്രഗവൺമെന്റ് വിഹിതമായ 600 രൂപയും ചേർത്ത് 1,800 രൂപയായിരുന്നു കൊടുക്കുന്നത്. എവിടെയും 3,000 രൂപയാക്കിയതായി അറിയില്ല. ടി തുക മേയ്, ജൂൺ, ജൂലൈ മാസങ്ങളിലാണ് കൊടുക്കേണ്ടത്. ഇതിൽ മേയ് മാസത്തെ തുക കൊടുക്കുവാനുള്ള ഫണ്ട് റിലീസ് ചെയ്ത് ബാങ്കിന് കൈമാറിക്കഴിഞ്ഞു. ജൂൺ മാസത്തെ ഒരു ഇൻസ്റ്റാൾമെന്റ് കൊടുക്കുന്നതിനായി 9.37 കോടി രൂപ റിലീസ് ചെയ്യുന്നതിന് ഇന്നലെ ഉത്തരവ് നൽകിയിട്ടുണ്ട്. ജൂലൈ മാസത്തെ ഇൻസ്റ്റാൾമെന്റുകൂടി കൊടുക്കണം. പക്ഷേ, ഒരു പ്രശ്നമുള്ളത്, മത്സ്യത്തൊഴിലാളികൾ ഈ തുക ഒരുമിച്ചേ വാങ്ങുകയുള്ളൂ. ചെറിയ തുകയായതു കൊണ്ട് ഓരോ ഇൻസ്റ്റാൾമെന്റായി അവർ ബാങ്കിൽനിന്നും തുക വാങ്ങില്ല. അതുകൊണ്ട് ഇത് ഒന്നിച്ച് കൊടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. യഥാർത്ഥത്തിൽ ജൂലൈ മാസത്തിലുംകൂടിയാണ് ഇത് കൊടുക്കേണ്ടത്. പക്ഷേ, അതുകൂടി ഒന്നിച്ചുകൊടുക്കാൻ വേണ്ടിശ്രമിക്കുകയാണ്. ട്രോളിംഗ്

നിരോധനകാലഘട്ടത്തിൽ സൗജന്യ റേഷനാണ് എന്നും കൊടുക്കാറുള്ളത്. അതിനുവേണ്ടി 20 ലക്ഷം രൂപ അനുവദിച്ചു. ജില്ലാ സപ്ലൈ ഓഫീസർമാർക്ക് പണവും ബെനിഫിഷ്യറി ലിസ്റ്റും കൈമാറിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഇതെല്ലാം കൈമാറിക്കഴിഞ്ഞു. പക്ഷേ, തൊഴിലാളികളുടെ കൈകളിലേയ്ക്ക് ഇത് എത്തിയിട്ടില്ല. അങ്ങനെയൊരു പ്രശ്നമുണ്ട്. ഏതായാലും സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റാണ് സൗജന്യ റേഷൻ കൊടുക്കുന്നത്. അവരുടെ ഭാഗത്ത് വീഴ്ചയുണ്ടെന്ന് തോന്നുന്നില്ല. ഉടൻതന്നെ അവർ സൗജന്യ റേഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കും. സൗജന്യ റേഷൻ കൊടുക്കാനുള്ള എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ മണ്ണെണ്ണയുടെ കാര്യം പറഞ്ഞു. അങ്ങ് മണ്ണെണ്ണയുടെ കാര്യം പറയുമ്പോൾ ഒരു കാര്യംകൂടി ഓർക്കണം. അങ്ങ് മന്ത്രിസഭയിലുള്ളപ്പോഴും 2525 കിലോലിറ്റർ മണ്ണെണ്ണമാത്രമേ കൊടുത്തിട്ടുള്ളൂ. അന്നത്തെ വകുപ്പുമന്ത്രി ഇവിടെയുണ്ട്. അദ്ദേഹം ആവശ്യപ്പെട്ടുകാണും, പക്ഷെ, കൊടുത്തിട്ടില്ല. 2525 കിലോ ലിറ്റർ മണ്ണെണ്ണയാണ് എല്ലാ ഗവൺമെന്റും കൊടുത്തിട്ടുള്ളത്. ഈ ഗവൺമെന്റും അത് കൊടുക്കുന്നുണ്ട്. പക്ഷെ, പ്രശ്നം മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തിന് അത് മതിയാവില്ല. അതുകൊണ്ട് അവർ കരിഞ്ചന്തയിൽനിന്നും മണ്ണെണ്ണ വാങ്ങേണ്ടിവരും. ആ പ്രശ്നംകൂടി പരിഹരിക്കാൻവേണ്ടിയാണ് കഴിഞ്ഞ ബഡ്ജറ്റിൽ 100 കോടി രൂപ മണ്ണെണ്ണ സബ്സിഡിക്കുവേണ്ടി പ്രഖ്യാപിച്ചത്. അതിനുവേണ്ടിയുള്ള നടപടികൾ ഈ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഡിമാന്റ് പാസ്സായിട്ടില്ല. അതുകൊണ്ട് തീരദേശ മേഖലയിൽ പന്ത്രണ്ട് മണ്ണെണ്ണ പമ്പുകൾ സ്ഥാപിച്ച് ഈ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീക

രിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി ബി.പി.സി.എൽ., ഐ.ഒ.സി. തുടങ്ങിയ കമ്പനികളുമായി ചർച്ച നടത്തി. ഈ കമ്പനികളെല്ലാം പമ്പുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റുമായി സഹകരിക്കാൻ സമ്മതം അറിയിച്ചിട്ടുണ്ട്. ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി നിരക്കിൽ കൊടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അങ്ങനെ 3525 കിലോ ലിറ്റർ മണ്ണെണ്ണ കൂടി വിതരണം ചെയ്യാൻ ഉദ്ദേശിക്കുകയാണ്. അതുകൂടാതെ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് സ്ഥാപിക്കുന്ന മണ്ണെണ്ണ പമ്പുകൾ വഴി ഓപ്പൺ മാർക്കറ്റിൽ കിട്ടുന്നതിനേക്കാൾ കുറഞ്ഞ മാർക്കറ്റ് വിലയ്ക്ക് കമ്പനികളിൽനിന്നും നേരിട്ട് മണ്ണെണ്ണവാങ്ങി വിതരണം ചെയ്യാനും ഉദ്ദേശിക്കുന്നുണ്ട്. പക്ഷെ, ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ആവശ്യത്തിന് തികയുന്നില്ല. എന്നാൽ ഇത്രയും കാലമായിട്ടും എൽ.ഡി.എഫ്.–യു.ഡി.എഫ്. ഗവൺമെന്റുകൾ മാറി മാറി ഭരിച്ചപ്പോഴും അവർക്ക് ആവശ്യത്തിന് മണ്ണെണ്ണ കൊടുത്തിട്ടില്ല. പക്ഷെ, ഇപ്പോൾ ആ പ്രശ്നത്തിന് കുറേക്കൂടി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയാണ്. അത് ഡിമാന്റ് പാസ്സാകുന്ന മുറയ്ക്ക് പമ്പുകൾ സ്ഥാപിച്ച് മണ്ണെണ്ണ വിതരണം ചെയ്യും. മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതിയെക്കുറിച്ച് അങ്ങ് പറഞ്ഞു. ഞങ്ങൾ രണ്ടുലക്ഷംരൂപ മാത്രമേ കൊടുക്കുന്നുള്ളൂ. നിവൃത്തികേടുകൊണ്ടാണ്. അങ്ങ് പറഞ്ഞത് ശരിയാണ്. ഈ തുക തീരെ കുറവാണ്. ഞാൻ സമ്മതിച്ചു. പക്ഷെ, അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യം യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഈ പദ്ധതിക്കായി കൊടുത്തുകൊണ്ടിരുന്ന 50,000 രൂപ 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത്. നാഷണൽ ഫിഷറീസ് വെൽഫെയർ ഫണ്ടിൽനിന്നും 25,000 രൂപയും സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമായി 25,000 രൂപയും ചേർത്ത് 50,000

രൂപ മാത്രമാണ് കൊടുത്തുകൊണ്ടിരുന്നത്. മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഓരോവർഷവും 800 വീടുകൾ എന്ന ക്രമത്തിൽ 4000 വീടുകൾ പണിയുന്നതിനായി 50,000 രൂപ വച്ച് എൽ.ഡി.എഫ്. ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ടി തുക കുറവാണെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കിയപ്പോൾ അവിടെയൊക്കെ രണ്ടരലക്ഷം രൂപവച്ചും കൊടുത്തു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് പൂർണ്ണമായും യോജിപ്പാണുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് ഈ തുക അപര്യാപ്തമാണ്. പക്ഷെ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് 50,000 രൂപയും യു.ഡി.എഫ്. ഗവൺമെന്റ് ഇപ്പോൾ 2 ലക്ഷം രൂപയും കൊടുത്തു. ആ വ്യത്യാസം മനസ്സിലാക്കണം. എന്നുമാത്രമല്ല, നിങ്ങൾ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്ന് പറഞ്ഞല്ലോ; നിങ്ങൾ മൊത്തം 4000 വീടുകൾ പണിയുന്നതിനുള്ള സഹായം മാത്രമേ നൽകിയിട്ടുള്ളൂ. എന്നാൽ ഈ ഗവൺമെന്റ് 2-2.5 ലക്ഷം രൂപ വീതം ഇപ്പോൾത്തന്നെ 6573 വീടുകൾക്ക് സഹായം കൊടുത്തു. അങ്ങ് മനസ്സിലാക്കണം. മത്സ്യത്തൊഴിലാളികൾക്ക് നറുക്കിട്ടാണ് കൊടുക്കുന്നത്. അങ്ങേയ്ക്ക് ഈ മേഖലയിലെ കാര്യം കൃത്യമായി മനസ്സിലായില്ലെങ്കിൽ ശ്രീ. എസ്. ശർമ്മയോട് ചോദിച്ചാൽ പറഞ്ഞുതരും. അങ്ങ് ആഗ്രഹിക്കുന്നതുപോലെ ഞങ്ങൾ ഉയർന്നിട്ടില്ല. പക്ഷെ, നിങ്ങൾ ചെയ്തതിനേക്കാൾ മൂന്നിരട്ടി തുക കൊടുത്തുവെന്ന് കാര്യം അങ്ങ് അംഗീകരിക്കണം. സ്കോളർഷിപ്പിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യ

ങ്ങളും മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുകൂടി കൊടുക്കാൻ ഉത്തരവ് നൽകിക്കഴിഞ്ഞു. എന്നാൽ അതിൽ കുറച്ച് കുടിശ്ശിക വന്നിട്ടുണ്ട്. മാത്രമല്ല, അഡ്മിഷൻ പൂർത്തിയായാൽ മാത്രമേ എത്ര രൂപ വേണ്ടിവരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അടുത്തമാസത്തോടുകൂടി മാത്രമേ അഡ്മിഷൻ പൂർത്തിയാവുകയുള്ളൂ. ഏതായാലും അത് പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ശ്രീ. റ്റി. എൻ. പ്രതാപൻ കഴിഞ്ഞദിവസം ഇവിടെയൊരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ഇക്കാര്യം പറഞ്ഞിരുന്നു. 2012–13 –ലെ ബഡ്ജറ്റിൽ അനുവദിച്ച 12 കോടിരൂപയും 2013–14 അനുവദിച്ച 8 കോടി രൂപയും മുഴുവനായി കൊടുത്തുതീർത്തു. 2014–15 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച 9 കോടി രൂപ കൊടുത്തുതീർക്കാൻ 20 കോടിരൂപ അധികമായി വേണം. അതിനായി എസ്.ഡി.ജി.യിൽ മൂവ് ചെയ്തിരിക്കുകയാണ്. ഏതായാലും എസ്.ഡി.ജി.പാസ്സാകുന്നതോടുകൂടി ഒരുരൂപപോലും കുടിശ്ശികയില്ലാതെ മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കും. മത്സ്യഫെഡിൽനിന്നും മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിന് സബ്സിഡി കൊടുക്കേണ്ട തുക കുടിശ്ശികയുണ്ടെന്ന് നേരത്തെ ഇവിടെ പറഞ്ഞു. ഈ ഇനത്തിൽ ഒരുരൂപപോലും കുടിശ്ശികയില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് തെറ്റാണ്. മറ്റൊരു കാര്യം, കടാശ്വാസ കമ്മീഷന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് കാര്യങ്ങൾ ചെയ്തു. ഒന്ന്, ഈ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിൽ നേരത്തെ ഉൾപ്പെടാതിരുന്ന കുറേ കോർപ്പറേഷനുകൾ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, കേരള സംസ്ഥാന വികലാംഗ വികസന കോർപ്പറേഷൻ, കേരള

സംസ്ഥാന പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ഹഡ്കോ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ തുടങ്ങി യ കുറേ സ്ഥാപനങ്ങളെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവന്നു. രണ്ട്, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ബാങ്കുകളുടെ കുടിശ്ശിക കൊടു ത്തുതീർക്കുന്നതിനുള്ള വ്യവസ്ഥയുണ്ടായിരുന്നില്ല. അത് നെഗോഷ്യേറ്റ് ചെയ്യണമെന്ന് മാത്രമേ പറഞ്ഞിരുന്നുള്ളൂ. ഈ ഗവൺമെന്റ് അതിന് ഉത്തരവ് നൽകി. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സ്തംഭിച്ചുവെന്ന് ബഹുമാന പ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചു. കടാശ്വാസ കമ്മീഷന്റെ സിറ്റിംഗ് ഇന്ന് തിരൂരിൽ നടക്കുകയാണ്. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സ്തംഭിച്ചിട്ടി ല്ല. പക്ഷെ, ഞാൻ നേരത്തെതന്നെ പറഞ്ഞു, ഈ ഗവൺമെന്റ് ആഗ്രഹിക്കുന്ന തുപോലെ അത് പൂർണ്ണമാക്കാൻ സാധിച്ചിട്ടില്ല. അതിന് ചില പരിമിതികളുണ്ട്. ഞങ്ങൾ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ, വിചാരിച്ചതുപോലെ സാധിച്ചിട്ടില്ല.

ശ്രീ. എസ്. ശർമ്മ: സർ, അങ്ങ് ഇവിടെ വിശദീകരിച്ച കടാശ്വാസ കമ്മീഷനിൽ നാഷണലൈസ്ഡ് ബാങ്കുകളുടെ കാര്യമൊന്നും പറഞ്ഞി ട്ടില്ലെന്ന് പറഞ്ഞു. നിയമസഭ ചർച്ച ചെയ്യുമ്പോൾ വന്ന, ആ നിയമത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുമ്പോൾ ഒരു നിയമപരമായ അഭിപ്രായമുണ്ട്. സംസ്ഥാന നിയമസഭയ്ക്ക് നാഷണലൈസ്ഡ് ബാങ്കുകളുടെ മുകളിൽ ഒരു ആക്ട് കൊണ്ടുവന്ന് അടിച്ചേൽപ്പിക്കാൻ സാധിക്കില്ല. അത് റിസർവ്വ് ബാങ്കിന്റെ കൺട്രോളിൽപ്പെട്ടതാണ്. സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണ ത്തിൽ വരുന്ന ബാങ്കിംഗ് ഏജൻസികളെ മാത്രമേ ആ നിയമത്തിൽ കൊണ്ടു

വന്നുള്ളൂ. പക്ഷേ ഇപ്പോൾ കാർഷിക കടാശ്വാസ കമ്മീഷൻ വന്നപ്പോഴും അവരുമായി നെഗോഷ്യേറ്റ് ചെയ്ത് ചീഫ് മിനിസ്റ്റർ കോൺഫറൻസ് വിളിച്ചുകൂട്ടി ബാങ്ക് മാനേജ്മെന്റും ഫിനാൻസ് മിനിസ്റ്ററുമൊക്കെയിരുന്ന് ചർച്ച ചെയ്തിട്ട് കുറച്ചുകൊണ്ടുവരിക എന്ന ലൈനാണ് ഉദ്ദേശിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്റെ അഭിപ്രായമൊന്ന് ശ്രദ്ധിച്ചാൽ നന്നായിരുന്നു.

മി. സ്പീക്കർ: ഇത് ചർച്ചയല്ലല്ലോ? അങ്ങയുടെ സംശയം മിനിസ്റ്റർ തന്നെ തീർത്തുതരും. അതിൽ അദ്ദേഹത്തെ പങ്കെടുപ്പിക്കാൻ സാധ്യമല്ല.

ശ്രീ. എസ്. ശർമ്മ: സർ, ഈ സംസ്ഥാനത്ത്, തീരപ്രദേശത്തെ വളരെ പാവപ്പെട്ട ആളുകളുടെ ജീവിതത്തിന് ഒരു ആശ്വാസമേകുന്നതിന് കൊണ്ടു വന്ന കടാശ്വാസ നിയമത്തിന്റെ കാര്യത്തിൽ, അതിന്റെ അടുത്ത ഗഡു ഇവിടെ കൊടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും അത് കിട്ടാത്തതിന്റെ ഫലമായി കേരളത്തിന്റെ തീരപ്രദേശത്തുള്ള ഈ പാവങ്ങൾ കഷ്ടതയനു ഭവിക്കുകയും പല രൂപത്തിലുള്ള പ്രയാസങ്ങൾ അനുഭവിക്കുകയും ചെയ്യുക യാണ്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതനുസരിച്ചുള്ള ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : റിലീസ് ചെയ്യും.

ശ്രീ. കെ. ബാബു: സർ, കടാശ്വാസ കമ്മീഷന്റെ കാര്യത്തിൽ ബാങ്കുകളുടെ പ്രശ്നം അവരുമായി ചർച്ച ചെയ്ത് മാത്രമേ പരിഹരിക്കാൻ സാധിക്കുമായിരുന്നുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഞാനും ഉൾപ്പെടെ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ്

കമ്മിറ്റിയുമായി ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഒരു പാക്കേജു ണ്ടാക്കി. ഇതിനായി 25 കോടി രൂപയോളം കൂടുതൽ വേണ്ടിവരും. ആ കാര്യങ്ങൾ ക്ലിയർ ചെയ്യുകയും ചെയ്തു. കടാശ്വാസ കമ്മീഷന്റെ അപേ ക്ഷ...

മി. സ്പീക്കർ: 15 മിനിറ്റായി. പ്ലീസ്.......

ശ്രീ. കെ. ബാബു: സർ, 1 മിനിറ്റ് കൂടി, നിർത്തിയേക്കാം. കടാശ്വാസ കമ്മീഷന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30-06-2013 വരെ എക്സ്റ്റന്റ് ചെയ്തു. ലഭിച്ച അപേക്ഷകൾ 1,29,219 ആണ്. ലഭിച്ച അപേക്ഷകളിൽ 69,070 എണ്ണത്തിന് അർഹത കണ്ടെത്തി. 285.6 കോടി രൂപയ്ക്ക് ശുപാർശ ചെയ്തു. ബഹുമാനപ്പെട്ട തോമസ് ഐസക് എത്ര രൂപ കൊടുത്തുവെന്ന് നേരത്തെ ചോദിച്ചു. 149.70 കോടി രൂപ കൊടുത്തു. ഇതിൽ മത്സ്യഫെഡിന് 31.19 കോടി രൂപയും സഹകരണ സംഘം രജിസ്ട്രാർ വഴി 113.56 കോടി രൂപയും നൽകി. ഇനി 136 കോടി രൂപ കൊടുക്കാനുണ്ട്. പ്രസ്തുത തുകയുടെ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ സഭയ്ക്ക് ഉറപ്പുനൽകിക്കഴിഞ്ഞു. ആ തുക എസ്.ഡി.ജി.യിൽ വയ്ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടുകൂടി ആ കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷി ക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഗുരുദാസൻ പറഞ്ഞ കാര്യങ്ങൾ കുറച്ച് ഗൗരവമുള്ളതാണ്. പക്ഷേ ഈ കാര്യങ്ങളെല്ലാം ഫിഷറീസ് ഡിപ്പാർട്ടുമെന്റും ഗവൺമെന്റും കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഇത് സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വകുപ്പുമന്ത്രി വളരെ വിശദമായി ഇവിടെ മറുപടി പറഞ്ഞു. നമ്മുടെ സമൂഹത്തിൽ ഏറ്റവും പരിഗണന വേണ്ട ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. സമാശ്വാസ പദ്ധതിയനുസരിച്ചുള്ള തുക യഥാസമയംതന്നെ കൊടുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. സാങ്കേതികമായ ഒരു പ്രശ്നം വന്നു. അതിന്റെ മുഴുവൻ തുകയും ബഡ്ജറ്റിലുണ്ട്. പക്ഷേ ഈ ബഡ്ജറ്റ് തുകയുടെ 1/3 മാത്രമേ ഫുൾ ബഡ്ജറ്റ് പാസ്സാകുന്നതുവരെ ചെലവഴിക്കാൻ സാധിക്കൂ. അതിന്റേതായ ഒരു ബുദ്ധിമുട്ടാണ് ഇവിടെയുണ്ടായിരിക്കുന്നത്. അതെങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് കഴിഞ്ഞ കാബിനറ്റിലും ഞങ്ങൾ ചർച്ച ചെയ്തു. ഇക്കാര്യത്തിൽ താമസിയാതെ ഒരു തീരുമാനമെടുക്കും. യഥാസമയംതന്നെ അത് കൊടുക്കും. കടാശ്വാസത്തിന്റെ കാര്യത്തിൽ, ഏറ്റവും വേഗത്തിൽ അതിനൊരു തീരുമാനമുണ്ടാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ അനുസരിച്ചുള്ള തുക കൊടുത്തു. ഈ വർഷവും അത് കൊടുത്ത് പരിഹരിക്കാനാണ് ശ്രമിക്കുന്നത്. ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവയുടെ കാര്യത്തിലും കുടിശ്ശിക വന്നിട്ടുണ്ടെന്ന കാര്യം അഡ്മിറ്റ് ചെയ്യുന്നു. സ്കൂളും കോളേജും തുറന്നിരിക്കുന്ന അവസരത്തിൽ ഏറ്റവും വേഗത്തിൽ അത് കൊടുത്തുതീർക്കും. ഈ കാര്യങ്ങളെ സംബന്ധിച്ച് കഴിഞ്ഞ കാബിനറ്റിലും ഞങ്ങൾ ചർച്ച ചെയ്തിരുന്നു. എത്രയും പെട്ടെന്ന് ഒരു തീരുമാനമെടുത്ത് പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് ഞാൻ ഉറപ്പുനൽകുന്നു.

<u>മി. സ്പീക്കർ</u>: മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u>: സർ, ഇതെല്ലാം കൊടുക്കും.....കൊടുക്കും......എന്നുള്ളതല്ലാതെ, എപ്പോൾ കൊടുക്കും; എത്ര ദിവസത്തിനകം കൊടുക്കുമെന്ന് പറയുന്നില്ല. ഭരണപക്ഷത്തുനിന്നുള്ള എന്റെ സ്നേഹിതന്മാർവരെ ഇതുസംബന്ധിച്ച് അഭിപ്രായം പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതിന്റെ അടിയന്തര പ്രാധാന്യം അങ്ങേയ്ക്കും ബോധ്യമായിക്കാണുമെന്ന് ഞാൻ കരുതുകയാണ്. നമ്മുടെ സമൂഹത്തിൽ ഏറ്റവും ജീവിതദുരിതങ്ങൾ അനുഭവിക്കുന്നവരാണ് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ. വർഷത്തിൽ നല്ലൊരു പങ്ക് സമയവും പട്ടിണിയിലും വറുതിയിലും കഴിയുന്ന ഇവരെ സഹായിക്കുന്നതിന് കാര്യമായ യാതൊരു അടിയന്തര നടപടികളും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. മറ്റ് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വർഷകാലത്ത് അവരുടെ താമസം, യാത്ര, ആരോഗ്യം എന്നിങ്ങനെയുള്ള കാര്യങ്ങളിലാണ് സാധാരണ ബുദ്ധിമുട്ടുണ്ടാകുന്നത്. എന്നാൽ മത്സ്യത്തൊഴിലാളികളുടെ കാര്യം അതല്ല. അവരുടെ ജീവിതംതന്നെ ഒരു വെല്ലുവിളി നേരിടുന്ന അവസ്ഥയിലാണ്. മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന ലക്ഷക്കണക്കിന് പാവപ്പെട്ട തീരദേശവാസികൾക്ക് ഇപ്പോൾ കടലിൽ പോകാൻ കഴിയാത്ത സ്ഥിതിയാണ്. ഈ ഘട്ടത്തിൽ അവരെ സഹായിക്കാനുള്ള ബാധ്യത സർക്കാരിനില്ലേ; എന്നാൽ സർക്കാർ വല്ലതും ചെയ്യുന്നുണ്ടോ? മത്സ്യത്തൊഴിലാളി

കൾക്ക് ന്യായമായും നൽകേണ്ട സൗജന്യറേഷൻ, മത്സ്യത്തൊഴിലാളികളുടെ പെൻഷൻ, അവരുടെ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവയൊന്നുംതന്നെ സർക്കാർ നൽകുന്നില്ല. ഇതുമൂലം തീരദേശമാകെ പട്ടിണിയിലാണ്. കഴിഞ്ഞ ആഴ്ച കടലാക്രമണവും അത് സൃഷ്ടിക്കുന്ന കെടുതികളും സംബന്ധിച്ച് ഈ സഭയിൽത്തന്നെ അടിയന്തരപ്രമേയം അവതരിപ്പിച്ചതാണ്. അന്ന് 'ഒന്നുകൊണ്ടും പേടിക്കണ്ട, എല്ലാം ശരിയാക്കു' മെന്നാണ് സർക്കാർ മറുപടി പറഞ്ഞത്. എന്നിട്ട് എന്തായി? 'കോരന് കഞ്ഞി കുമ്പിളിൽത്തന്നെ' എന്ന് പറയുന്നതുപോലെയാണ് മത്സ്യത്തൊഴിലാളികളുടെ ഇന്നത്തെ അവസ്ഥ. കാലവർഷം കനത്താൽ കെടുതികൾ കൂടുതൽ രൂക്ഷമാകും. പകർച്ചവ്യാധികളടക്കം പടർന്നുപിടിക്കുവാനുള്ള സാദ്ധ്യതയുമുണ്ട്. പക്ഷേ സർക്കാർ ഇതൊന്നും ഗൗരവതരമായി കാണുന്നില്ല. 'പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല' – എന്നതാണ് സർക്കാരിന്റെ നിലപാട്. മധുരം പുരട്ടിയ വാക്കുകളിൽ മറുപടി പറഞ്ഞതുകൊണ്ടുമാത്രം കാര്യമില്ല. നമ്മുടെ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നല്ല 'മധുരം പുരട്ടിയ' ഉറപ്പുകളാണ് ഇവിടെ പറയുന്നത്. പക്ഷേ അതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ഗുണമില്ല. നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുകയാണ് വേണ്ടത്. അത് സർക്കാർ ചെയ്യുമോ എന്നാണ് ജനങ്ങൾ ഉറ്റുനോക്കുന്നത്. പക്ഷേ സർക്കാരിന് ഇക്കാര്യത്തിൽ അല്പം പോലും ആത്മാർത്ഥതയില്ല. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ദുരിതാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാനുള്ള സാവകാശംപോലും ഈ സർക്കാരിനില്ല. സർക്കാരിന്റെ ഈ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും

എന്റെ കക്ഷിയും ശക്തമായി വാക്കൗട്ട് ചെയ്യേണ്ടിവരികയാണ്. വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ തീരപ്രദേശങ്ങളിലെ അഞ്ചു ലക്ഷത്തിൽപ്പരം മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും കഴിഞ്ഞ ഏതാനും മാസങ്ങളായി പട്ടിണിയിലാണ്. അവർക്ക് ഈ സീസണിൽ സാധാരണ ഗവൺമെന്റ് അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ ഒരു നീണ്ടപട്ടി കയാണ് ഈ സഭയിൽ ചർച്ച ചെയ്തത്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പു മന്ത്രിയെ കാണാനില്ല. വകുപ്പുമന്ത്രി പറഞ്ഞ ഒരൊറ്റ കാര്യവും ഇവിടെ നടന്നിട്ടില്ല. നിങ്ങളുടെ സമാശ്വാസം ഇന്നുവരെ കൊടുത്തിട്ടില്ല. നിങ്ങൾ അതിന്റെ സാങ്കേതിക കാര്യമാണ് പറയുന്നത്. മന്ത്രി പറയുന്നതുകേട്ടാൽ അത് കിട്ടിയതുപോലെ തോന്നും. ആദ്യത്തേത് കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്, രണ്ടാമത്തേത് കണക്ക് കൂട്ടിക്കൊണ്ടിരിക്കുന്നു, മൂന്നാമ ത്തേത് അടുത്ത തവണ കൊടുക്കും. തീരപ്രദേശത്ത് പട്ടിണിയാണ്. കൊടുക്കാമെന്ന് പറയുന്ന കാര്യം ഇപ്പോൾ കൊടുക്കണ്ടേ; പെൻഷൻ കുടിശ്ശികയില്ലായെന്ന് പറയുന്നത് ശരിയാണോ? പെൻഷൻ നിങ്ങൾ കൊടുക്കുന്നില്ല. മണ്ണെണ്ണയുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോഴാണ് കൂടുതൽ കുഴപ്പമായത്. ബഡ്ജറ്റിൽ അനുവദിച്ച 100 കോടി രൂപയുടെ മൂന്നിലൊന്ന് ചെലവാക്കാം. അങ്ങനെയാണെങ്കിൽ മണ്ണെണ്ണയ്ക്ക് സബ്സിഡി കൊടുക്കാമായിരുന്നു. ഒന്നും കൊടുത്തില്ല, ബഡ്ജറ്റിൽ പാസ്സായില്ല, പാസ്സായാലേ കൊടുക്കാൻ പറ്റൂവെന്ന് വകുപ്പുമന്ത്രി

പറഞ്ഞതാണ്. ഇതുപോലെയുള്ള സന്ദർഭങ്ങളിൽ തൊഴിലാളികളുടെ ക്ഷേമനിധിയിലെ സഹായങ്ങൾ വളരെ അത്യാവശ്യമാണ്. തൊഴിൽ വകുപ്പു മന്ത്രി ഇതെല്ലാം കേട്ടുകൊണ്ടിരിക്കുന്നുണ്ടല്ലോ. അവിടെ തീരപ്രദേശമല്ലേ, എന്തെങ്കിലും ചെയ്യുന്നുണ്ടോ? നമ്മുടെയെല്ലാം പ്രദേശങ്ങൾ തീരപ്രദേശ മാണ്. അവർക്ക് വേറെ ഒരു ഗതിയുമില്ല. സർക്കാർ ജോലിയുമില്ല. മത്സ്യത്തൊഴിലാളികളല്ലേ, അപ്പോൾ തൊഴിൽ വകുപ്പ്, തൊഴിലാളികളുടെ ക്ഷേമം അന്വേഷിക്കണ്ടേ? എഞ്ചിൻ സബ്സിഡി കുടിശ്ശികയില്ലായെന്ന് പറയുന്നത് ശരിയാണോ? അത് പരിശോധിക്കണം. കുടിശ്ശികയുണ്ട്. ട്രോളിംഗ് നിരോധനംകൂടി വന്ന ഈ സമയത്ത് അവർക്ക് കടലിൽ പോകാൻ നിവർത്തിയില്ല. അവരുടെ വരുമാനം കുറഞ്ഞു. പട്ടിണിയാണ്. ആനുകൂല്യങ്ങളില്ല, ക്ഷേമപദ്ധതികളൊന്നുമില്ല, കുട്ടികൾക്ക് സ്കൂളിൽനിന്ന് കിട്ടുന്ന ലംപ്സം ഗ്രാന്റുപോലും കിട്ടുന്നില്ല. ഇതൊക്കെ എന്ത് കഷ്ടമാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, എന്തുകൊണ്ടാണ് ആ കുട്ടികളുടെ ലംപ്സം ഗ്രാന്റെങ്കിലും കൊടുക്കാത്തത്; കുട്ടികൾക്ക് സ്കൂളിൽ പോകണ്ടേ? നമ്മുടെ വീടുകളിലുള്ള കുട്ടികളെല്ലാം പോയില്ലേ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഇന്നുതന്നെ ഇതെല്ലാം ചെയ്യണം. അങ്ങയുടെ അടുത്ത് ഇന്നലെയും ആലപ്പാട്ടുള്ള ആളുകളെ പറഞ്ഞയച്ചു. ആ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് കൊടുക്കുന്നതിന് ഇപ്പോൾ ഓർഡർ കൊടുക്കണം. നാളെ മുതൽ ലംപ്സം ഗ്രാന്റ് കൊടുക്കട്ടെ. അവർ ആദ്യം സ്കൂളിൽ പോകട്ടെ. കണ്ണിൽച്ചോരയി ല്ലാത്ത കാര്യമല്ലേ കാണിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുന്നത് കേട്ടാൽ അദ്ദേഹമെല്ലാം കൊടുത്തുവെന്ന് തോന്നും. എന്താണ് കൊടുക്കാത്തത്? നിങ്ങൾക്ക് കണ്ടിജൻസി ഫണ്ടുകളില്ലേ. ഏതെങ്കിലും ഫണ്ടെടുത്ത് ഈ പാവപ്പെട്ട കുട്ടികൾക്ക് കൊടുക്കണ്ടേ. നിങ്ങൾ കൊടുക്കു

ന്നില്ല. സൗജന്യ റേഷൻ..... ബഹുമാനപ്പെട്ട മന്ത്രി കെ. ബാബു, ഒറ്റയിടത്ത് ഒരു യൂണിറ്റ് അരി കൊടുത്തിട്ടില്ല. ഇന്നുവരെ കൊടുത്തിട്ടില്ല. റേഷൻ കടക്കാർ കൊടുക്കുന്നില്ല. പണ്ടുകൊടുത്തതിന്റെ കാശ് കൊടുക്കാനു ണ്ടെന്നാണ് അവർ പറയുന്നത്. നിങ്ങൾ കാശ് കൊടുക്കണം. ഫിഷറീസി നാണ് കൊടുക്കേണ്ടത്. കൊടുത്തുകഴിഞ്ഞു, പക്ഷേ റേഷൻ കൊടുക്കുന്നില്ല. ഇങ്ങനെയൊരു ക്രൂരമായ സമീപനമുണ്ടോ? കുട്ടികൾക്ക് സ്കൂളുകളിലുള്ള ആനുകൂല്യം കൊടുക്കുന്നില്ല. അപ്പുറത്ത് ഒരുപാട് എം.എൽ.എ.-മാർ ഇരിക്കുന്നുണ്ടല്ലോ. ഈ രാജ്യത്തെ നിയമമല്ലേ; സൗജന്യമാണോ; ലംപ്സം ഗ്രാന്റ് കൊടുക്കാൻ നിയമമില്ലേ; സൗജന്യ റേഷൻ കൊടുക്കാനും നിയമങ്ങ ളില്ലേ; ക്ഷേമനിധിയുടെ നിയമങ്ങളില്ലേ; സമാശ്വാസം കൊടുക്കാൻ നിയമമില്ലേ? പാവപ്പെട്ട മത്സ്യത്തൊഴിലാളികളായതുകൊണ്ട് ഈ നിയമങ്ങ ളെല്ലാം കാറ്റിൽപ്പറത്തുകയാണ്. അവർ കടലിനോട് മല്ലടിച്ച്, അവിടെ കിടന്ന് മരിക്കുകയാണ്. ആ പ്രശ്നമാണ് ഇവിടെ ചർച്ച ചെയ്യാൻ പറഞ്ഞത്. ഇത് നിരവധി എം.എൽ.എ.-മാരുടെ മനസ്സിലുണ്ട്. അതിന് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോയില്ല. മന്ത്രി പറയുന്നത് കേട്ടാൽ തോന്നും, നിങ്ങൾ അങ്ങനെ ചെയ്തില്ലേ, ഞങ്ങൾ ഇങ്ങനെ ചെയ്തു, എവിടെ ചെയ്തു. എല്ലാ എം.എൽ.എ.-മാരുടെയും മനസ്സിലുണ്ട്. ഇപ്പോൾ മത്സ്യത്തൊഴിലാളികളെ അവഗണിച്ചിരിക്കുകയാണ്. പനികൂടി പടർന്നുപിടിച്ചാൽ എന്താണ് ഗതിയെന്ന് അറിയാമോ? കൂട്ടമരണമാണ് വരാൻ പോകുന്നത്. അടിയന്തര മായി മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഇടപെടണം. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. അങ്ങേയ്ക്ക് ഇത് ബാധകമല്ല. കാരണം കാട്ടാക്കട പ്രദേശത്തൊന്നും കടലില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അഞ്ചുമിനിട്ട് കഴിഞ്ഞു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, രണ്ടുമിനിട്ട് കൂടിയാലും കുഴപ്പമില്ല. നമ്മുടെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കാര്യമാണ്. അങ്ങുകൂടി സഹായിക്കേണ്ടതാണ്. നാളെത്തന്നെ ഇതെല്ലാം വിതരണം ചെയ്യാൻ അങ്ങ് നിർദ്ദേശം കൊടുക്കേണ്ടതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അതുകൊണ്ടാണ് വാക്കൗട്ടിന് ആറുമിനിട്ട് തന്നത്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഈ സമീപനം ശരിയല്ല. ശബ്ദമില്ലാത്തവരുടെ, മുഖമില്ലാത്തവരുടെ കഷ്ടപ്പാട് നിങ്ങൾ കാണണം. അവർക്ക് ശബ്ദമില്ല, മുഖമില്ല. അതുകൊണ്ടാണ് അവരെ നിങ്ങൾ അവഗണിക്കുന്നത്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അവിടെ പോകാൻ നിവർത്തിയില്ലാതിരിക്കുകയാണ്. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തത് നിർഭാഗ്യകരമായിപ്പോയി. അതുകൊണ്ട് അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. സി. കെ. നാണു</u>: സർ, ഫിഷറീസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളി മേഖലയിലെ എം.എൽ.എ.-മാരുടെ പ്രത്യേക യോഗങ്ങൾ ചേരാറുണ്ടായിരുന്നു. അത് വളരെക്കാലമായി ചേരുന്നില്ല. ആ യോഗം ചേർന്നാൽ കുറേക്കൂടി മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ച് പരിഹാരമുണ്ടാക്കാൻ സാധിക്കുമായിരുന്നു. പണ്ട് മഴ ശക്തമായ കാലത്താണ് കടൽക്ഷോഭമുണ്ടായിരുന്നത്. ഇന്ന് എന്തുകൊണ്ടോ അത് മാറിയിരിക്കുന്നു. മലബാർ ഭാഗത്ത്

മഴ അത്ര ശക്തമല്ല. പക്ഷേ കടൽക്ഷോഭത്തിന്റെ ഫലമായി മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ കടൽഭിത്തികൾ തകർന്നു. ആ കടൽഭിത്തി നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പു മന്ത്രിയുമായി ബന്ധപ്പെട്ട് ഞാൻ കഴിഞ്ഞ ദിവസം ഒരു ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നിരുന്നു. താൽക്കാലികമായ പരിഹാരത്തിന് അദ്ദേഹം ഫണ്ട് അനുവദിച്ചു. പരിപാടി നടത്തി. ഇപ്പോൾ ഇതിന്റെ പ്രധാനമായ പ്രശ്നം, എന്റെ വടകര മണ്ഡലത്തിലാണെങ്കിൽ ചെറിയ ചെറിയ പുഴകളിലും തോടുകളിലുമാണ് ആളുകൾ മുഴുവൻ മാലിന്യങ്ങളും കൊണ്ടുവന്നിടുന്നത്. അത് കടലിൽപ്പോയി തിരിച്ച് ഈ ഭാഗത്തുതന്നെ വരും. മത്സ്യത്തൊഴിലാളി മേഖലയിലൊക്കെ ഭയപ്പാടിലാണ്. സാംക്രമിക രോഗങ്ങൾ വരുന്നു. ഇതൊക്കെ പരിശോധിക്കേണ്ടതാണ്. മത്സ്യത്തൊഴിലാളി മേഖലയിൽ കുടിവെള്ളം ലഭ്യമല്ല. മിക്കവാറും പഞ്ചായത്തുകളിലും പദ്ധതികളുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അവർക്ക് കുടിവെള്ളമില്ലാത്തത് വലിയൊരു പ്രശ്നമാണ്. മത്സ്യത്തൊഴിലാളി മേഖലയിലെ എല്ലാ പഞ്ചായത്തുകളിലും ആവശ്യമുള്ള സ്ഥലത്ത് വെള്ളമെത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. എന്റെ നാട്ടിൽ ഫിഷറീസ് ഹയർ സെക്കന്ററി സ്കൂളുണ്ട്. ഫിഷറീസ് സ്കൂളെന്നാണ് അതിന്റെ പേര്. പക്ഷേ ഫിഷറീസ് സ്കൂളിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. അതുകൊണ്ട് ഫിഷറീസ് സ്കൂളുകൾക്ക് ഫിഷറീസ് സ്കൂളിന്റെ ആനുകൂല്യങ്ങൾ ലഭിക്കണം. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഴയ കാലത്തേക്കാളൊക്കെ എത്രയോ നല്ല വിദ്യാഭ്യാസം നേടുന്നുണ്ട്. പക്ഷേ അവർക്ക് വിദ്യാഭ്യാസത്തിന്റെ ആനുകൂല്യം സർക്കാരിൽനിന്ന് നൽകുന്നത് കഴിയുന്നതും വേഗം ലഭ്യമാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇടപെട്ട് ഇത്തരം

കാര്യങ്ങൾക്കായി ഫിഷറീസ് മേഖലയിൽ നൽകേണ്ട സംഖ്യ കൃത്യസമയത്ത് നൽകിയാൽ ഇത്തരമൊരു അടിയന്തര പ്രമേയം വരില്ല. ഫിഷറീസ് വകുപ്പുമന്ത്രിക്ക് ഈ രൂപത്തിലുള്ള വിശദീകരങ്ങൾ നൽകേണ്ടിയും വരില്ല. കൃത്യസമയത്ത് കാര്യങ്ങളിൽ ഇടപെടാത്തതിന്റെ ഫലമായിട്ടുള്ള അടിയന്തര പ്രമേയത്തിന്റെ ചർച്ച നടത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. കെ ശശീന്ദ്രൻ : സർ, കേരളത്തിലെ ഒമ്പത് ജില്ലകളിലായി 54 അസംബ്ലി നിയോജക മണ്ഡലത്തിലായി കടലിനോട് മല്ലടിച്ചു ജീവിക്കുന്ന കടലിൽ പോകുന്ന മൂന്നോകാൽ ലക്ഷം തൊഴിലാളികളേയും 11 ലക്ഷം ആളു കളെയും ബാധിക്കുന്ന ഒരു പ്രശ്നമാണ്. അവർക്കിവിടെ ഉണ്ടെന്ന് പ്രഖ്യാപിച്ച ഒരു ആനുകൂല്യവും ഇപ്പോൾ ലഭിക്കുന്നില്ലെന്നു മന്ത്രിതന്നെ സമ്മതിച്ചു. കൊടുക്കുന്നതാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. കടാശ്വാസ പദ്ധതിയുടെ ആനുകൂല്യവും, ലംപ്സം ഗ്രാന്റും ക്ഷേമനിധി പെൻഷനും കൊടുത്തു തുടങ്ങിയിട്ടില്ല. സൗജന്യ റേഷൻ കൊടുക്കുന്നതിന് കാശ് കൊടുത്തിട്ടും ഇതുവരെയും അരി കിട്ടിയിട്ടില്ല ഇങ്ങനെയുള്ള മറുപടികളാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈ തരത്തിൽ പ്രയാസം അനുഭവിക്കുന്ന നമ്മുടെ സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളികൾ ഇപ്പോൾ കടൽക്ഷോഭം മൂലവും ആശങ്കയിലാണ്. വ്യാപകമായി ആ തീരദേശ മേഖല യിൽ പനി പടർന്നു പിടിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ പ്രശ്നം

ആരാണ്; എപ്പോഴാണ്; എവിടെയാണ് ചർച്ച ചെയ്യപ്പെടുന്നത്. ഞങ്ങൾ അതിനാണ് ഈ സഭാവേദി ഉപയോഗിക്കുവാൻ തീരുമാനിച്ചത്. മുഖ്യമന്ത്രി ഇവിടെ പറയുന്നതൊന്ന് ശ്രദ്ധിച്ചാൽ കൊള്ളാമായിരുന്നു. അദ്ദേഹം എഴുന്നേറ്റ് നിന്നപ്പോൾ ഞാൻ കരുതിയത് തീരദേശ എം.എൽ.എ. മാരുടെ യോഗം വിളിച്ചു ചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്യുമെന്ന് പറയാനുള്ള സൗമനസ്യം കാണിക്കുമെന്നായിരുന്നു. അതുപോലും കാണിച്ചില്ല. ഇതൊക്കെ ചർച്ച ചെയ്യാനല്ലേ നമ്മളെല്ലാവരും ഇവിടെ ഇരിക്കുന്നത്. മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ഈ അനാസ്ഥ മത്സ്യത്തൊഴിലാളികളോടുള്ള ക്രൂരമായ ഒരു നിലപാടാണ്. ആ നിലപാട് ചർച്ച ചെയ്യപ്പെടേണ്ടതായിരുന്നു. അതിന് പരിഹാരം കാണേണ്ടതായിരുന്നു. അതിന് ശ്രമിക്കാത്ത സർക്കാരിന്റെ നിലപാട് അത്യന്തം പ്രതിഷേധാർഹമാണ്. ആ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനു ശേഷം സഭയിൽ തിരിച്ചെത്തി.)